1/2

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**- 01.03.2014 മുതൽ 31.03.2014 വരെ അപേക്ഷ സ്വീകരിച്ച ജില്ലാ കളക്ടർമാരുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ(എ) വകുപ്പ്

സ.ഉ.(സാധാ)നം.4422/2014/ റവന്യൂ. തീയതി, തിരുവനന്തപുരം, 16.09.2014.

---

പരാമർശം :
1. സർക്കാർ ഉത്തരവ് (കൈ.) നം 78/14/റവ. തീയതി 31.01.2014.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.06.2014-ലെ LR(J)10-18810/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2015-ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**. ആദ്യഘട്ടമെന്ന നിലയിൽ ഒരു ലക്ഷം ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

2. **'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015'ന്റെ** ഗുണഭോക്താക്കളാകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **28.02.2014** വരെ ദീർഘിപ്പിച്ചുകൊണ്ടും, ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലും വില്ലേജ് ഓഫീസ് മുതൽ വിവിധ തലത്തിലുള്ള റവന്യൂ ഓഫീസുകളിലും ഇതിനകം ലഭ്യമായ പ്രസ്തുത പദ്ധതിയിലേയ്ക്കുള്ള അപേക്ഷകളും പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയും മേൽ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. എന്നാൽ 01.03.2014 മുതൽ 31.03.2014 വരെ വിവിധ ജില്ലകളിൽ **'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015'ന്റെ** ഗുണഭോക്താക്കളാകുന്നതിനുള്ള അപേക്ഷകൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുള്ളതായും, പ്രസ്തുത അപേക്ഷകൾ സ്വീകരിച്ച ജില്ലാ കളക്ടർമാരുടെ നടപടി സർക്കാർ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ, ഇത്തരം അപേക്ഷകൾ കൂടി പരിഗണിക്കുന്നതിന് സാധ്യമാവുകയുള്ളൂ എന്നും മേൽ പരാമർശം 2 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് 01.03.2014 മുതൽ 31.03.2014 വരെ വിവിധ ജില്ലകളിൽ 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015'ന്റെ ഗുണഭോക്താക്കളാകുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ച ജില്ലാ കളക്ടർമാരുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടി.വി. വിജയകുമാർ**
**അഡീഷണൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സ്പെഷ്യൽ ഓഫീസർ, സീറോ ലാന്റ് ലെസ് പ്രോജക്ട് 2015, തിരുവനന്തപുരം.
അസിസ്റ്റന്റ് കമ്മീഷണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ,
കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
ഡയറക്ടർ, സി-ഡിറ്റ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
വിവരസാങ്കേതിക വകുപ്പ്/ധനകാര്യ വകുപ്പ്/നിയമ വകുപ്പ് /തദ്ദേശ സ്വയംഭരണ വകുപ്പ്/
ഭവന നിർമ്മാണ വകുപ്പ് / സാമൂഹ്യ നീതി വകുപ്പ് /
പട്ടികജാതി പട്ടിക വർഗ വികസന വകുപ്പ്/വിവരപൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ